(ബി) 31.12.98 ൽ നിലവിൽ വന്ന ലിസ്റ്റിൽ നിന്നും 110 പേരെ നിയമിച്ചു.

(സി) പ്രൊമോഷൻ മുഖേന 110 ഒഴിവുണ്ടായി. അത്രയും ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുകയും 110 പേരെ നിയമിക്കുകയും ചെയ്തു. കൂടാതെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം ഡിഗ്രി കാറ്റഗറിയിലുള്ള 16 എസ്.ടി. കാറ്റഗറിയും 7 ഡിപ്പാർട്ട്മെന്റ് കാറ്റഗറിയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) വിശദവിവരം താഴെ കൊടുക്കുന്നു.

അനുവദിക്കപ്പെട്ടത് - 907

നിലവിലുള്ളത് -

(1) ഡിഗ്രി - 521

(2) ഡിപ്ലോമ - 272

(3) സർട്ടിഫിക്കറ്റ് - 91

82 (2773) ഗ്രൗണ്ട് വാട്ടർ വിഭാഗത്തിലെ ജീവനക്കാർ

ശ്രീ. എഴുകോൺ നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രൗണ്ട് വാട്ടർ വിഭാഗത്തിൽ ദിവസക്കൂലിക്കാരായി എത്ര ജീവനക്കാർ ജോലി ചെയ്തിട്ടുണ്ട്;

(ബി) ഇവർ ഏതൊക്കെ വിഭാഗത്തിലാണ് ജോലി ചെയ്യുന്നത്;

(സി) ഇവരിൽ 10 വർഷത്തിനു മുകളിൽ സർവ്വീസുള്ളവർ എത്ര പേർ;

(ഡി) ഇവരെ സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ദിവസക്കൂലിയായി ഇവർക്ക് എത്ര രൂപയാണ് നല്കിവരുന്നത്;

(എഫ്) 1999 മാർച്ച് 29-ലെ ജി.ഒ. (പി) 1187/99 നമ്പർ ഉത്തരവ് അനുസരിച്ച് 70 രൂപവീതം നല്കുന്നതിന് ഗ്രൗണ്ട് വാട്ടർ വകുപ്പിൽ നടപടികൾ എടുത്തിട്ടുണ്ടോ;

(ജി) ഇല്ലെങ്കിൽ എന്താണിതിന് കാരണം വിശദവിവരങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) നൂറ്റിനാല്പത്തിയഞ്ച് (145)

(ബി) കുഴൽ കിണറുകളുടെ ഡ്രില്ലിംഗിനും അനുബന്ധ ജോലികൾക്കും സഹായിക്കുന്നതിനുപുറമേ ഡ്രൈവർ തസ്തിക അനുവദിച്ചിട്ടില്ലാത്ത വാഹനങ്ങൾ ഓടിക്കുവാനും, ഡ്രില്ലിംഗ് സൈറ്റിലും മറ്റുമുള്ള സർക്കാർ ഉരുപ്പടികളുടെ കാവലിനും മറ്റുമായാണ് ഇവരെ നിയോഗിച്ചിട്ടുള്ളത്.

(സി) മുപ്പത്തിയെട്ട് (38).

(ഡി) ഇല്ല.

(ഇ) ഡ്രില്ലിംഗ് സൈറ്റിൽ പണി ചെയ്യുന്ന ഹെവിലോഡ് മസ്ദൂർമാർക്കും ഡ്രൈവർമാർക്കും ദിവസം എഴുപത് (70) രൂപവീതം ഇതര വിഭാഗത്തിലുള്ള മസ്ദൂർമാർക്ക് അമ്പത്തിയേഴ്(57) രൂപവീതവും നല്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)&(ജി) ജി.ഒ. (പി) 1187/99-ാം നമ്പർ ഉത്തരവുസരിച്ചുള്ള നിരക്കുകൾ ഗ്രൗണ്ട് വാട്ടർ വകുപ്പിലെ ദിവസക്കൂലിക്കാർക്ക് ബാധകമാക്കുമോ എന്നുള്ളകാര്യം പരിശോധനയിലാണ്.

83 (2774) മൂന്നാം ഗ്രേഡ് ഓവർസിയർമാരായി സ്ഥിരപ്പെടുത്തിയ ആളുകൾ

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985-ൽ കേരള വാട്ടർ അതോറിറ്റിയിൽ മൂന്നാം

ഗ്രേഡ് ഓവർസിയർമാരായി സ്ഥിരപ്പെടുത്തിയ ആളുകൾക്ക് നിയമാനുസൃതമായി പ്രൊമോഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ ഏതു രീതിയിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ അവർക്ക് മുൻകാല പ്രാബല്യത്തോടെ നിയമാനുസൃതം പ്രൊമോഷനും ഇതര ആനുകൂല്യങ്ങളും നൽകുമോ; ഇതു സംബന്ധിച്ച നടപടിക്രമങ്ങൾ എത്ര കാലംകൊണ്ട് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്പോൾ ഒഴിവുകൾ ഇല്ല. ഒഴിവുകൾ വരുന്ന മുറയ്ക്ക് പ്രൊമോഷൻ നൽകുന്നതാണ്. മുൻകാല പ്രാബല്യം നൽകാൻ കഴിയുകയില്ല.

84 (2775) തൊഴിലാളി ക്ഷേമ നിയമങ്ങൾ

ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. പി. നാരായണൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാക്ടറികളിലും ഇതര സ്ഥാപനങ്ങളിലും തൊഴിലാളി ക്ഷേമ നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുവാൻ എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ തൊഴിലാളി ക്ഷേമ നിയമ ലംഘനങ്ങൾ നടത്തിയ എത്ര കേസ്സുകൾ കണ്ടുപിടിച്ചിട്ടുണ്ട്;

(ഡി) നിയമലംഘനങ്ങൾ നടത്തിയ തൊഴിലുടമകൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly